**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3084 10.03.2017 - ലെ മറുപടിയ്ക്ക്

**ഭവനനിർമ്മാണ ബോർഡ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭവനനിർമ്മാണ വകുപ്പ് നിലവിൽ എവിടെയൊക്കെ വാസഗൃഹ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്; വിശദമാക്കാമോ ; | (എ) ഭവന നിർമ്മാണ ബോർഡ് സാഫല്യം പദ്ധതി പ്രകാരം കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ടി പദ്ധതി പ്രകാരം പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇന്നവേറ്റീവ് ഭവന പദ്ധതി പ്രകാരം തിരുവനന്തപുരത്ത് പൂജപ്പുരയിൽ Phase III-ഉം IV-ഉം ആയി 48 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരിൽ സർക്കാർ ജീവനക്കാർക്കായി 6 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. |
| ബി) കേരള ഭവനനിർമ്മാണ ബോർഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (ബി) ഭവനനിർമ്മാണ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ 19.69 കോടി രൂപ നഷ്ടത്തിലാണ്. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ ; | (സി) മുൻ സർക്കാരിന്റെ കാലത്ത് ആകെ 89.32 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. |

| വർഷം | നഷ്ടം (രൂപ കോടിയിൽ) |
|---|---|
| 2011-12 | 15.31 |
| 2012-13 | 19.29 |
| 2013-14 | 17.45 |
| 2014-15 | 17.58 |
| 2015-16 | 19.69 |
| ആകെ | 89.32 കോടി രൂപ |

(ഡി) ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനധികൃതമായി അധികം ആൾക്കാരെ നിയമിച്ചിട്ടുണ്ടെന്ന വാർത്ത ശരിയാണോ ;

(ഡി) നിയമവകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഒരു വിജിലൻസ് ഓഫീസറും, ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ഒരു ലോ ഓഫീസറും, രണ്ട് സെക്ഷൻ ഓഫീസർമാരും, മൂന്ന് ലീഗൽ അസിസ്റ്റന്റുമാരും, റവന്യൂ വകുപ്പിൽ നിന്നും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ തലത്തിലുള്ള ഒരു ചീഫ് റവന്യൂ ഓഫീസറുമാണ് ബോർഡിൽ ഡെപ്യൂട്ടേ ഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്. ബോർഡിന്റെ മോശമായ സാമ്പത്തിക സ്ഥിതിയും, വായ്പാ നിർമ്മാണ പ്രവർത്തനങ്ങളുടെ അഭാവത്തിലും, നിയമവിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്തതിനാലും, നിയമവകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരിൽ ബോർഡിലെ വിജിലൻസ് ഓഫീസർ, ലോ ഓഫീസർ തസ്തികകൾ സംയോജിപ്പിച്ച് ഒരാളെയും ടിയാളെ അസിസ്റ്റ് ചെയ്യുന്നതിനായി ഒരു ലീഗൽ അസിസ്റ്റന്റും എന്ന രീതിയിൽ നിയമനം പരിമിതപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ബോർഡിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളിലുള്ള എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

(ഇ) ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമ വകുപ്പിൽ നിന്നുള്ള 7 പേരും റവന്യൂ വകുപ്പിൽ നിന്നുള്ള ഒരാളും ഉൾപ്പെടെ 8 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 7 പേർ തിരുവനന്തപുരം ജില്ലയിലും ഒരാൾ കോഴിക്കോട് ജില്ലയിലുമാണ് ജോലി ചെയ്യുന്നത്.

Subhash

സെക്ഷൻ ഓഫീസർ